'122731/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/5570/2023-D2

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര.തിരുവനന്തപുരം
തീയതി : 25-10-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സംബന്ധിച്ച്:-

സൂചന:- 1. സർക്കാർ കത്ത് നമ്പർ AR 14-2/1/2023 PandARD. തീയതി : 17.10.2023

സൂചന പ്രകാരം 07.10.2023 ൽ നടന്ന ചീഫ് സെക്രട്ടറിതല മീറ്റിംഗ് മിനിറ്റ്സിൽ ഉൾപ്പെട്ട വിഷയങ്ങളുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന നിർദേശങ്ങൾ നൽകുന്നു.

1. എല്ലാ സർക്കാർ സ്ഥാപനങ്ങളിലും കൃത്യമായ മാലിന്യസംസ്കരണം നടപ്പിലാക്കേണ്ടതാണ്. അതിനായി സമഗ്രമായ മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന പിഴ ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

2. ഒഫിസുകളിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതാണ്.

3. എല്ലാ കാര്യാലയങ്ങളിലും വാട്ടർ ഡിസ്പെൻസറുകൾ സ്ഥാപിക്കേണ്ടതാണ്. ഓഫിസുകളിൽ നിരോധിത വസ്തുക്കൾ ഉപയോഗിക്കുന്നില്ലായെന്നു ഉറപ്പുവരുത്തേണ്ടതാണ്.

4. ഒഫിസുകളെ മാലിന്യ മുക്തമാക്കുന്നതിനായി നവംബർ മാസത്തിൽ എല്ലാ കാര്യാലയ മേധാവികളും തങ്ങളുടെ കീഴിലുള്ള ജീവനക്കാരുമായി യോഗങ്ങൾ വിളിച്ചു ചേർക്കേണ്ടതും. മാലിന്യ സംസ്കരണത്തിന് സംവിധാനം ഉണ്ടാക്കേണ്ടതുമാണ്.

മേൽ വിഷയങ്ങളിൽ നടപടി സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാതല മേധാവി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

Signed by Bindu Gopinath
Date: 25-10-2023 17:07:04